## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 4955** **06.02.2014 ൽ മറുപടി നല്കേണ്ടിയിരുന്നത്**

### മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും ആഫീസുകളിലും സൗരോർജ്ജ വിളക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക് | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഏതെല്ലാം മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും ആഫീസുകളിലും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസിൽ 10 എണ്ണവും ഊർജ്ജ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതിയായ മൻമോഹൻ ബംഗ്ലാവിൽ 6 എണ്ണവും വീതം സൗരോർജ്ജ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഏത് ഏജൻസി മുഖേന ഏതെല്ലാം സ്ഥാപനങ്ങളെയാണ് ആയതിനായി നിയോഗിച്ചിട്ടുള്ളത്; പ്രതീക്ഷിക്കുന്ന ചെലവ് എത്ര? | (ബി) അനെർട്ട് വഴി ഹരിയാനയിലെ യു.എം.ഗ്രീൻ ലൈറ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മുഖാന്തിരമാണ് സൗരോർജ്ജ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ചത്. ഒരു വിളക്കിന് 27,400/- (ഇരുപത്തി ഏഴായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയാണ് ചെലവ്. |
| (സി) പ്രസ്തുത സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനായി വിളിക്കപ്പെട്ട ടെണ്ടറുകളിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി; വ്യക്തമാക്കാമോ? | (സി) സൗരോർജ്ജ എൽ.ഇ.ഡി. വിളക്കുകൾ സംസ്ഥാനത്ത് വിവിധങ്ങളായ മുനിസിപ്പാലിറ്റികൾ, സർക്കാർ മന്ദിരങ്ങളുടെ പരിസരം, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനായി വിളിച്ച ടെണ്ടറുകളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു.<br>1. യു.എം.ഗ്രീൻ ലൈറ്റിംഗ്സ് (പ്രൈ.) ലിമിറ്റഡ്, ഗുഡ്ഗാവ്, ഹരിയാന.<br>2. ആർ.ഇ.ഐ. ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്, മൈസൂർ<br>3. മിൻഡ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ന്യൂഡൽഹി<br>4. അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം<br>5. സുരാന ടെലികോം & പവർ ലിമിറ്റഡ്, സെക്കന്തരാബാദ്. |

**സെക്ഷൻ ഓഫീസർ**